"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 – ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 2966 ന് എൻ സി ഡി സി ധനസഹായം അനുവദിയ്ക്കുന്നത് - രണ്ടാം ഗഡു തുകയിൽ ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.234/2024/Co-Op    തീയതി,തിരുവനന്തപുരം, 21-05-2024

പരാമർശം:-

1. എൻ സി ഡി സി റീജിയണൽ ഡയറക്ടറുടെ കത്ത് നം NCDC 59-7/2017 (TVM) 277/SA7018/2309 തീയതി, 25/01/2018

2. സ.ഉ (സാധാ) നം 547/2021/സഹ തീയതി 10/09/2021

3. സഹകരണ സംഘം രജിസ്ട്രാറുടെ 02/12/2022ലെ പി &

എം എ(3) 7136/2021നം കത്ത് .

4. സ.ഉ (സാധാ) നം. 338/2023/സഹ തീയതി 07/06/2023

5.സഹകരണ സംഘം രജിസ്ട്രാറുടെ 04/05/2024 ലെ പി&എം എ (3)7136/21 നം കത്ത്

**ഉത്തരവ്**

ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 2966 ന് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ. സി. ഡി. സി ധനസഹായമായി 48.60 ലക്ഷം രൂപ (ഓഹരി - 21.60 ലക്ഷം രൂപ , വായ്പ – 27.00 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ. സി. ഡി. സി യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 17.55 ലക്ഷം രൂപ (ഓഹരി (4425-00-108-42)- 10.80 ലക്ഷം രൂപ, വായ്പ (6425-00-108-19 – 6.75 ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി സംഘത്തിന് അനുമതി ലഭിച്ച എൻ. സി. ഡി. സി. ധനസഹായത്തിന്റെ രണ്ടാം ഗഡുവായി ഓഹരിയിനത്തിൽ 10.80 ലക്ഷം രൂപയും (ശീർഷകം - 4425-108-42-34-3) വായ്പാ ഇനത്തിൽ 20.25 ലക്ഷം രൂപയും (ശീർഷകം - 6425-108-19) ഉൾപ്പെടെ 31.05 ലക്ഷം രൂപ (മുപ്പത്തൊന്ന് ലക്ഷത്തി അയ്യായിരം രൂപ മാത്രം) 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ആയതിൽ ഓഹരി ഇനത്തിലെ 1 0 . 8 0 ലക്ഷം രൂപ 2023-24

സാമ്പത്തികവർഷത്തിൽ പിൻവലിച്ച് നൽകുവാൻ സാധിച്ചിരുന്നില്ല എന്നും ടി തുക 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതിയും റിലീസ് ഉത്തരവും നൽകണമെന്നും പരാമർശം (5) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബ്രഹ്മമംഗലം ഗ്രാമസ്വരാജ് സർവ്വീസ് കോ -ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ 2966 ന് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള എൻ. സി. ഡി. സി ധനസഹായത്തിന്റെ രണ്ടാം ഗഡു തുകയിൽ ഓഹരിയിനത്തിൽ ഇനി അനുവദിക്കുവാൻ ബാക്കി നിൽപ്പുള്ള 10.80 ലക്ഷം രൂപ (ശീർഷകം - 4425-108-42-34-3) 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ അഗ്രി (സി) വകുപ്പ് (അഗ്രി സി1/96/2018/ധന)

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ,

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 21-05-2024 16:51:32

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.